# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 400- 26/04/2017 - ലെ മറുപടിക്ക്

പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചു കിട്ടുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ച പദ്ധതികൾ

**ചോദ്യം** **ഉത്തരം**

ശ്രീ.കെ.എസ്. ശബരീനാഥൻ എം.എൽ.എ

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ. | ഈ സർക്കാർ പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചു കിട്ടുന്നതിനായി നാളിതുവരെ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ച പദ്ധതികളുടെ വകുപ്പു തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | 1. ധന ഉത്തരവാദിത്ത ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമം ഭേദഗതി വരുത്തികൊണ്ട് നിലവിലെ കടമെടുപ്പ് പരിധി 3%ത്തിൽ നിന്നും 4%മായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.<br>2. നോട്ട് പിൻവലിക്കൽ മൂലം അസംഘടിത മേഖലയിൽ ധാരാളം പേർക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി. നിലവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻ കീഴിൽ 40 മുതൽ 50 ദിവസം വരെ തൊഴിൽ നൽകുന്നതിനുള്ള ഫണ്ട് മാത്രമേ കേന്ദ്രത്തിൽ നിന്ന് അനുവദിക്കുന്നുള്ളൂ. ആയതിനാൽ 100 ദിവസത്തേയ്ക്കും തൊഴിൽ നൽകുന്നതിനാവശ്യമായ തുക വർദ്ധിപ്പിച്ചു നൽകുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (MGNREGA) യിൻ കീഴിൽ തൊഴിൽ ദിനം 100 ദിവസമായി ഉയർത്തുന്നതിനായി ഫണ്ട് വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.<br>3. നോട്ട് പിൻവലിക്കൽ മൂലം സംസ്ഥാനത്തിന്റെ സഹകരണ മേഖല സ്തംഭനാവസ്ഥയിലായി. സഹകരണ മേഖലയെ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നടപടി കൈകൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>4. വിലതകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബറിന് മിനിമം വില ഉറപ്പുവരുത്തുന്നതിനായി ഒരു റബ്ബർ വിലസ്ഥിരതാ പദ്ധതിയുടെ സഹായത്തിനായി ആവശ്യപ്പെട്ടുട്ടുണ്ട്.<br>5. നോട്ട് പിൻവലിക്കൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ വളരെയധികം ദോഷകരമായി ബാധിച്ചതിനാൽ കേന്ദ്രാവി |

| | | |
|---|---|---|
| | | ഷ്കൃത പദ്ധതിയിന ത്തിലും സംസ്ഥാന ങ്ങൾക്കുള്ള കേന്ദ്ര സഹായയിനത്തിലുമുള്ള വിഹിതത്തിൽ വർദ്ധനയുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.<br>6.കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ FACTന് കൂടുതൽ വിഹിതം നൽകണമെന്ന് ആവശ്യപ്പെ ട്ടിട്ടുണ്ട്. |
| ബി | ഏതെല്ലാം പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റ് പരിഗണിക്കുകയും സഹായം അനുവദിക്കുകയും ചെയ്യുകയുണ്ടായി. വകുപ്പ് തിരിച്ച് ലഭ്യമായ തുകയുടെ വിശദാംശങ്ങൾ നൽകുമോ? | വിലയിടിവിൽ നിന്നും റബ്ബർ കർഷകരെ സഹാ യിക്കുന്നതിനായി സംസ്ഥാനത്ത് പാലക്കാട് ജില്ലയ്ക്കായി ഒരു റവന്യൂ ഇൻഷ്വറൻസ് സ്കീം 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കു ന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. |

Sreekumar

**സെക്ഷൻ ഓഫീസർ**